| 17-07-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ, ഇപ്പോൾ നിങ്ങൾ അച്ഛൻ, ടീച്ചർ, സത്ഗുരു- ഈ മൂന്ന് പേരുടേയും സന്മുഖത്തിരിക്കുകയാണ്, ടീച്ചറായി നിങ്ങളെ പഠിപ്പിച്ച് കൊണ്ടിരിക്കുന്നു,സത്ഗുരുവായി കൂടെ കൊണ്ടുപോകുന്നു, ഇത് തന്നെയാണ് ബാബയുടെ കൃപ.

**ചോദ്യം:** ബാബയോടുള്ള നിങ്ങൾ കുട്ടികളുടെ വാഗ്ദാനം എന്താണ്? നിങ്ങളുടെ കർത്തവ്യം എന്താണ്?
**ഉത്തരം:** ബാബയോടുള്ള വാഗ്ദാനമാണ് - ബാബാ, ഞങ്ങൾ താങ്കളിൽ നിന്നും എന്തെല്ലാമാണോ കേൾക്കുന്നത് അത് തീർച്ചയായും മറ്റുള്ളവരേയും കേൾപ്പിക്കും. താങ്കൾക്ക് സമാനമാകും.നമ്മുടെ കർത്തവ്യമാണ് - ബാബക്ക് സമാനം സർവ്വരേയും പഠിപ്പിക്കുക കാരണം ഇപ്പോൾ ബുദ്ധിയുടെ പൂട്ട് തുറന്നിരിക്കുകയാണ്. നമ്മൾ ഇപ്പോൾ സമ്പത്ത് എടുത്ത് കൊണ്ടിരിക്കുന്നു, അതുപോലെ ദയാഹൃദയരായി മാറി മററുള്ളവർക്കും സമ്പത്ത് കൊടുപ്പിക്കണം.

**ഗീതം** : മാതാ പിതാക്കളുടെ ആശീർവ്വാദങ്ങൾ നേടൂ...........

ഓംശാന്തി.ഇപ്പോൾ കുട്ടികൾ അമ്മയുടേയും അച്ഛന്റേയും സന്മുഖത്തിരിക്കുകയാണ് അഥവാ കുട്ടികൾ സ്കൂളിൽ ടീച്ചറിന്റെ അടുക്കൽ ഇരിക്കുകയാണ്. ജ്ഞാനം കേൾക്കുന്നതിനു വേണ്ടി നമ്മൾ സത്ഗുരുവിന്റെ അടുക്കലും ഇരിക്കുകയാണ് എന്ന് കുട്ടികൾ അറിയുന്നുണ്ട്. ആരിൽ നിന്നും കേൾക്കുന്നതിനു വേണ്ടിയാണ്? ബാബ തന്നെയാണ് ജ്ഞാനസാഗരൻ. നമുക്ക് ശിക്ഷണം നല്കുവാൻ വേണ്ടി പരംധാമത്തിൽ നിന്നും വന്നിരിക്കുകയാണ് എന്ന് മനസ്സിലാക്കുന്നുണ്ട്. നിങ്ങളുടെ ബുദ്ധി പരംധാമത്തിലേക്കും സ്വീറ്റ് ഹോമിന്റെ ഭാഗത്തേക്കുമാണ്. എന്നാൽ പഠിപ്പിക്കുന്നത് ഇവിടെ തന്നെയാണ്, മാതാ-പിതാവ് സന്മുഖത്തിരിക്കുകയാണ് എന്നിരുന്നാലും ബുദ്ധിയോഗം അഥവാ ഓർമ്മ നിർവ്വാണധാമത്തിന്റെ ഭാഗത്തേക്ക് തന്നെയാണ്. നമുക്ക് ബാബയോടൊപ്പം വീട്ടിലേക്ക് പോകണം. പിന്നെ വിഷ്ണുവിന്റെ വീട്ടിൽ വരും. അതും വീടാണ് ഇതും വീടാണ്. ഭർത്താവിന്റെ വീടായ കൃഷ്ണപുരിയിൽ പോകണം. ആദ്യം യോഗ്യനാക്കി മാറ്റുന്ന ബാബയെ ഓർമ്മിക്കണം. അമ്മയും അച്ഛനും കന്യകയെ യോഗ്യരാക്കുകയല്ലേ. ഭർത്താവിന്റെ വീട്ടിലേക്ക് പോയാൽ പെൺകുട്ടി തന്റെ അച്ഛനേയും അമ്മയേയുമാണ് ഷോ ചെയ്യുന്നത് അതായത് കുട്ടി വളരെ നല്ല സ്വഭാവമുള്ളതാണ് എന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ പരംപിതാ പരമത്മാവിന്റെ സന്മുഖത്തിരിക്കുകയാണ്, പഠിച്ച് കൊണ്ടിരിക്കുകയാണ്. ബാബ കുട്ടികൾക്ക് വേണ്ടി വളരെയധികം പരിശ്രമിക്കുന്നു. ഇതാണ് ബാബയുടെ കൃപ. കുട്ടി വക്കീലായാൽ , അമ്മയും അച്ഛനും നല്ല രീതിയിൽ പാലിച്ചത് കൊണ്ടാണ് എന്ന് പറയും. പഠിപ്പിച്ചു. അമ്മയും അച്ഛനും രചയിതാവുമാണ്, ഡയറക്ടറും കൂടിയാണ്. ആൺകുട്ടികൾക്ക് അച്ഛനോടായിരിക്കും ഇഷ്ടം. പെൺകുട്ടികൾക്ക് അമ്മയോടും, കാരണം ആൺകുട്ടികൾക്ക് അച്ഛനിൽ നിന്നുമാണ് സമ്പത്ത് ലഭിക്കേണ്ടത്. കുമാരിമാർ പോയി അമ്മയാകും. ഇപ്പോൾ ഇവിടെ നിങ്ങൾ ബ്രാഹ്മണ കുല ഭൂഷണരാണ്. ബ്രാഹ്മണർക്ക് മഹിമയുണ്ട്. പ്രജാപിതാ ബ്രഹ്മാവിന് ധാരാളം സന്താനങ്ങളുണ്ട്. ആ ബ്രാഹ്മണരോടും നിങ്ങൾക്ക് ചോദിക്കുവാൻ സാധിക്കും- നിങ്ങൾ മുഖവംശാവലികളാണ് എങ്കിൽ ബ്രഹ്മാവിന്റെ മുഖത്തിലൂടെ ജന്മം എടുത്ത സന്താനങ്ങളാണോ? ശരീര വംശാവലികൾ ലൗകീക മാതാപിതാക്കളിലൂടെയാണ് ജന്മം എടുക്കുന്നത്. എപ്പോഴാണ് നിങ്ങൾ ബ്രഹ്മാ മുഖത്തിലൂടെ ജന്മം എടുത്തത്? പറയുവാൻ സാധിക്കില്ല. നിങ്ങൾ പ്രാക്ടിക്കലിൽ അറിയുന്നുണ്ട്-നമ്മൾ ബ്രഹ്മാ മുഖ കമലത്തിലൂടെ ദത്തെടുക്കപ്പെട്ടിരിക്കുകയാണ്. ശിവബാബയാണ് ദത്തെടുത്തത്. ഇവിടെ നിങ്ങൾക്കറിയാം നമ്മൾ അച്ഛൻ, ടീച്ചർ, സത്ഗുരു ഈ മൂന്ന് പേരുടേയും സന്മുഖത്താണിരിക്കുന്നത്. ബാബ മര്യാദകൾ പഠിപ്പിക്കുകയാണ് -ശ്രീകൃഷ്ണനെ പോലെ ഗുണവാനാകും, സർവ്വ ഗുണ സമ്പന്നരും..........പുരുഷാർത്ഥം ചെയ്ത് ഇവിടെ തന്നെയാണ് ആകേണ്ടത്. മുൻപത്തെ ജന്മത്തിൽ രാധയും കൃഷ്ണനും ആരായിരുന്നു എന്ന് മനുഷ്യർക്ക് അറിയില്ല. ഇത് നിങ്ങൾ കുട്ടികൾ മാത്രമാണ് അറിയുന്നത്. ആരാണോ പൂജ്യരായിരുന്നത് അവർ തന്നെയാണ് പൂജാരിയായി പിന്നെ പൂജ്യനാകുന്നത്. ഭക്തരെയാണ് പൂജാരി എന്ന് പറയുന്നത്. നരനിൽ നിന്നും നാരായണൻ അഥവാ ദരിദ്രനിൽ നിന്നും രാജകുമാരൻ ആകുവാനുള്ള സമ്പത്ത് ബാബക്കല്ലാതെ മറ്റാർക്കും നല്കുവാൻ സാധിക്കില്ല. നിങ്ങൾ എന്താണ് ചെയ്യുന്നത് എന്ന് ആരെങ്കിലും ചോദിച്ചാൽ ,നമ്മൾ ഗോഡ് ഫാദറിൽ നിന്നും പഠിച്ച് കൊണ്ടിരിക്കുകയാണ് എന്ന് പറയണം. ഓരോരുത്തരുടേയും ബുദ്ധിയിൽ ലക്ഷ്യമുണ്ടല്ലോ അല്ലേ. നമ്മൾ ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. ലക്ഷ്മീ നാരായണൻ അഥവാ പ്രിൻസ് പ്രിൻസസ് ആവുക എന്നത്

തന്നെയാണ് സ്വർഗ്ഗത്തിന്റെ സമ്പത്ത്. ഇവിടെ ഈ കോളേജിൽ നിന്നും നിങ്ങൾ പ്രിൻസ് പ്രിൻസസ് ആവുകയാണ്. ഭാവി വിശ്വത്തിന്റെ പ്രിൻസ് പ്രിൻസസ് ആകുന്നതിനു വേണ്ടി പഠിച്ച് കൊണ്ടിരിക്കുകയാണ് എന്ന് അറിയുന്നുണ്ട്. മനുഷ്യന് തന്നെയാണ് ജ്ഞാനം ലഭിക്കുന്നത്. മൃഗങ്ങൾക്കല്ല കൊടുക്കുന്നത്. മനുഷ്യർ ദൈവീക ഗുണങ്ങൾ ഉള്ളവരായിരുന്നു. ഇപ്പോൾ ആസുരീയ ഗുണങ്ങൾ ഉള്ളവരായിരിക്കുന്നു, വീണ്ടും നമ്മൾ ദൈവീക ഗുണങ്ങൾ ഉള്ളവരാകും. ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ഇത് വളരെ സഹജമായി മനസ്സിലാക്കാവുന്ന കാര്യങ്ങളാണ്. ഭാരതത്തിലാണ് 84 ജന്മങ്ങളുടെ ചക്രം ഉള്ളത്. 84 ജന്മങ്ങളുടെ ചക്രത്തിന്റെ രഹസ്യം മറ്റാരുടേയും ബുദ്ധിയിലില്ല. കൃഷ്ണനായിരുന്നു സ്വദർശനചക്രം ഉണ്ടായിരുന്നത്. വിഷ്ണു, ലക്ഷ്മിയുടേയും നാരായണന്റേയും കമ്പയിന്റ് രൂപമാണ്. കുട്ടിക്കാലത്ത് രാധയും കൃഷ്ണനുമായിരുന്നു. പക്ഷേ അതും കൃഷ്ണന് മാത്രമാണ് കാണിക്കുന്നത്. രാധക്ക് ഒരിക്കലും ചക്രം കാണിക്കുന്നില്ല. ലക്ഷ്മിക്കും ഇല്ല, നാരായണന് മാത്രം കാണിക്കുന്നു അഥവാ വിഷ്ണുവിന് കാണിക്കുന്നുണ്ട്. അതിൽ ലക്ഷ്മിയും ഉണ്ട്. വാസ്തവത്തിൽ നിങ്ങളാണ് സ്വദർശന ചക്രധാരികൾ.

നമ്മൾ വളരെ അതിശയകരമായ പഠിത്തം ഗോഡ് ഫാദറിൽ നിന്നും പഠിച്ച് കൊണ്ടിരിക്കുകയാണ് എന്ന് നിങ്ങൾക്കറിയാം. ബാബ തന്നെയാണ് ജ്ഞാനത്തിന്റെ സാഗരം, മനുഷ്യസൃഷ്ടിയുടെ ബീജരൂപം, സത്യവും ചൈതന്യവും. ആത്മാവിനെ തന്നെയാണ് സത്യമെന്നും ചൈതന്യമെന്നും പറയുന്നത്. ശരീരത്തെ സത്യമെന്നോ ചൈതന്യമെന്നോ പറയുവാൻ സാധിക്കില്ല. കുട്ടികളുടെ ശരീരം 5 മാസം വരെ ജീവനുണ്ടാകില്ലെങ്കിലും ഗർഭത്തിൽ വളർന്ന് കൊണ്ടിരിക്കും. ഓരോ വസ്തുവും വളർച്ച പ്രാപിച്ച് കൊണ്ട് തന്നെയാണിരിക്കുന്നത്. പക്ഷേ മനുഷ്യന്റെ ആത്മാവ് മഹാനാണ്. മനുഷ്യനെ മഹിമയും ചെയ്യാറുണ്ട് നിന്ദിക്കാറുമുണ്ട്. ഇംഗ്ലണ്ടിലെ പ്രധാനമന്ത്രി പള്ളിയിൽ പോയപ്പോൾ പൂച്ചയേയും കൂടെ കൊണ്ട് പോയി എന്ന വാർത്ത പത്രത്തിൽ വന്നിരുന്നു. നോക്കൂ, പൂച്ചക്ക് പോലും എത്ര മാന്യതയാണുള്ളത്. അവിടെ അനുവാദമില്ലാതെ നിങ്ങൾക്ക് പോലും പോകുവാൻ സാധിക്കില്ല എന്നാൽ പൂച്ചക്ക് അനുവാദം കിട്ടി. പട്ടികളും ഭഗവാനെ ഓർമ്മിക്കുന്നു എന്ന് ധാരാളം മനുഷ്യർ പറയുന്നു. കുരയ്ക്കുകയാണല്ലോ ചെയ്യുക. അവരും ദൈവമെന്ന് കേവലം പറയുന്നു, പക്ഷെ അറിയില്ല. അങ്ങനെയാണെങ്കിൽ മനുഷ്യനും മൃഗവും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? നിങ്ങൾ ഇപ്പോൾ എത്ര ഉയർന്നവർ ആവുകയാണ്. ഇപ്പോൾ നിങ്ങൾക്ക് വളരെയധികം മഹിമയുണ്ടാകും. പ്രത്യക്ഷത്തിൽ എപ്പോഴാണോ നിങ്ങളുടെ പ്രഭാവം ഉണ്ടാകുന്നത് അപ്പോൾ പറയും – ബ്രഹ്മാകുമാരിമാരുടെ അടുക്കൽ പോയാൽ മാത്രം മതി എന്ന്. ബ്രഹ്മാകുമാർ കുമാരിമാർ ശിവന്റെ പേരക്കുട്ടികളാണ്. അച്ഛൻ ഒന്ന് തന്നെയല്ലേ. മമ്മയിലൂടെയും ബാബയിലൂടെയും നിങ്ങളെ രചിക്കുന്നു. നിങ്ങൾക്കറിയാം നമ്മൾ ശിവബാബയുടെ പേരക്കുട്ടികളാണ്. ഇവിടെ വൃദ്ധരെന്നോ യുവാവെന്നോ ഉള്ള കാര്യമില്ല. നമ്മൾ ശിവബാബയുടെ പേരക്കുട്ടികളും ബ്രഹ്മാവിന്റെ കുട്ടികളുമാണ്. എത്ര സഹജമായ കാര്യമാണ്. ഇത് ബ്രാഹ്മണരുടെ കുലമാണ്. ക്രിയേറ്റർ ബാബ തന്നെയാണ്. നിങ്ങൾക്കറിയാം നമ്മൾ ശിവബാബയുടെ കുട്ടികൾ ഈ വൃക്ഷത്തിന്റെ സ്ഥാപകരാണ്. ഈ ബ്രഹ്മാവ് സംഗമയുഗത്തിൽ വേരിലാണല്ലോ ഇരിക്കുന്നത്. നമ്മൾ ഉയർന്നതിലും ഉയർന്ന ശിവബാബയുടെ പേരക്കുട്ടികളാണ്, ബാബയിൽ നിന്നും നമ്മൾ സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടി കൊണ്ടിരിക്കുന്നു. ഇത് ഒരിക്കലും മറക്കുവാൻ പാടില്ല. ദേഹസഹിതം എന്തെല്ലാമുണ്ടോ സർവ്വതും മറന്ന് അശരീരിയാകണം. ഇപ്പോൾ നമുക്ക് തിരികെ മുത്തച്ഛന്റെ അടുത്തേയ്ക്ക് അഥവാ സ്വീറ്റ് ഹോമിലേക്ക് പോകണം. നമ്മൾ ശിവബാബയുടെ പേരക്കുട്ടികളാണ്. ബാബയും തീർച്ചയായും ഉണ്ടായിരിക്കണം. നമ്മൾ ബ്രഹ്മാകുമാർ കുമാരിമാരാണ്. ശിവന്റെ പേരക്കുട്ടികൾ, മുത്തച്ഛന്റെ സമ്പത്ത് തന്നെയാണ് കിട്ടുന്നത്. വിശ്വത്തിന്റെ അധികാരത്തെ തന്നെയാണ് സത്യമായ സ്വരാജ്യം എന്ന് പറയുന്നത്. നിങ്ങൾ മുഴുവൻ വിശ്വത്തിന്റേയും അധികാരികളാവുകയാണ്. യാതൊന്നിന്റെയും ഭയം ഇല്ല. അതിനെ അദ്വൈത രാജ്യം എന്നാണ് പറയുന്നത്. അവിടെ മറ്റാരും ഉണ്ടായിരിക്കില്ല. സർവ്വ ഗുണ സമ്പന്നരും അഹിംസാ പരമോ ധർമ്മവും ഉള്ളവരായിരിക്കും. ബാബ പറയുന്നു – രണ്ട് പ്രകാരത്തിലുള്ള ഹിംസയുണ്ട്, ഒന്ന് അക്രമത്തിന്റേത് മറ്റൊന്ന് കാമകഠാരി പ്രയോഗിക്കുന്നത്. നമ്മൾ ഡബിൾ അഹിംസകരാണ്. സത്യയുഗത്തിൽ ഹിംസയുടെ യാതൊരു കാര്യവും ഇല്ല. ഭൗതീകമായ ഹിംസയും ഇല്ല വികാരത്തിന്റെ ഹിംസയും ഇല്ല. അഹിംസാ പരമോ ദേവീ ദേവതാ ധർമ്മം എന്ന് പറയുന്നു. ബ്രാഹ്മണനിൽ നിന്നും നമ്മൾ ദേവതയാകും. നമ്മുടെ മനുഷ്യൻ എന്ന പേര് മാറും. നമ്മൾ മനുഷ്യനിൽ നിന്നും ദേവതയാകും. വക്കീലും, എൻജിനീയറുമൊക്കെ ആകുന്നത് പോലെ. എങ്ങനെയാണ് ആകുന്നത് എന്ന് അവർക്ക് തന്നെ അറിയുവാൻ സാധിക്കും. നമ്മൾ ഈ പഠിത്തത്തിലൂടെ ദേവതയാകും എന്നത് നിങ്ങൾക്കറിയാം. വളരെ സഹജമാണ്. ഇത് വ്യത്യസ്തമായ ധർമ്മങ്ങളുടെ വൃക്ഷമാണ്, അതിന്റെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം നിങ്ങൾക്കുണ്ട്, ഇത് മറ്റാർക്കും ഇല്ല. നമ്മളെ പഠിപ്പിക്കുന്നതിനു വേണ്ടി നമ്മുടെ അച്ഛൻ ടീച്ചർ പരംധാമത്തിൽ നിന്നും വന്നിരിക്കുകയാണ് എന്ന് നിങ്ങൾക്കറിയാം. പരംധാമം എത്ര ഉയർന്നതാണ്.

വിമാനത്തിന് പോലും അവിടെ പോകുവാൻ സാധിക്കില്ല. ചിറകൊന്നും തന്നെ ഇല്ലാതെ എങ്ങനെയാണ് ബാബ വന്ന് പഠിപ്പിക്കുന്നത്, അപ്പോൾ അത്രയും സന്തോഷമുണ്ടാകണം. നമ്മുടെ അച്ഛൻ ടീച്ചറും കൂടിയാണ്. പരംധാമത്തിലാണ് വസിക്കുന്നത്, അവിടെ നിന്നും വന്ന് നമ്മളെ പഠിപ്പിക്കുന്നു. ബാബക്ക് വളരെയധികം സേവനം ചെയ്യേണ്ടതുണ്ട്. ഭക്തരേയും സന്തുഷ്ടമാക്കുന്നതിന് വേണ്ടി സേവനം ചെയ്യേണ്ടതുണ്ട്. ഭക്തർ എന്നെ അറിയുന്നില്ല. ഞാൻ അത്രയും അവരുടെ സേവനം ചെയ്യുകയാണ്, തീവ്രമായ ഭക്തി ചെയ്യുന്ന വരുടെ ആഗ്രഹങ്ങളും പൂർത്തീകരിക്കുന്നു. ആരുടെയൊക്കെ സാക്ഷാത്ക്കാരം കുട്ടികൾക്ക് ഉണ്ടായിട്ടുണ്ട്. തീവ്രമായ ഭക്തിയിലിരിക്കുന്നു – കൃഷ്ണന്റെ ദർശനം ലഭിക്കണം, അത്രമാത്രം. കണ്ണുകളിൽ നിന്നും അശ്രുക്കൾ ഒഴുകികൊണ്ടിരിക്കുന്നു. അങ്ങനെയുള്ള തീവ്രമായ ഭക്തി ചെയ്യുമ്പോഴാണ് സാക്ഷാത്ക്കാരം ലഭിക്കുന്നത്. അത് ഭക്തീ മാർഗ്ഗമാണ്. ഈ സമയം അവരേയും സന്തുഷ്ടമാക്കുന്നു. നിങ്ങളെ സന്മുഖത്തിരുത്തി കേൾപ്പിക്കുന്നു, പഠിപ്പിക്കുന്നു. സത്യത്തിൽ ഭഗവാനാണ് പറയുന്നത്. ഇതിൽ യാതൊരു സംശയവും ഇല്ല. അല്ലയോ കുട്ടികളേ, നിങ്ങളെ നരനിൽ നിന്നും നാരായണൻ ആകുവാൻ രാജയോഗം പഠിപ്പിക്കുന്നു എന്ന് ഗീതയിലും എഴുതിയിട്ടുണ്ട്. എന്നാൽ കൃഷ്ണന്റെ പേരാണ് കാണിച്ചിരിക്കുന്നത് .കൃഷ്ണന്റെ ആത്മാവ് ഈ സമയം അന്തിമ ജന്മത്തിലാണ്. ആ ആത്മാവിരുന്ന് പഠിക്കുന്നു. കൃഷ്ണ ഭഗവാനുവാച എന്നല്ല. കുട്ടികൾ അറിയുന്നുണ്ട്– സത്യത്തിൽ സൂര്യവംശീ ചന്ദ്രവംശീ രാജധാനി സ്ഥാപിച്ച് കൊണ്ടിരിക്കുകയാണ്. നമ്മൾ പുരുഷാർത്ഥം ചെയ്ത് തീർച്ചയായും സമ്പത്ത് എടുക്കും. ബാബ എത്ര ദയാഹൃദയനാണ്! വന്ന് കുട്ടികളെ മടിയിലിരുത്തുന്നു. കുട്ടികൾ പറയുന്നു– ബാബാ, താങ്കൾ അതേ ബാബ തന്നെയാണ്, ഞങ്ങളും അതേ കുട്ടികൾ തന്നെയാണ് വീണ്ടും വന്ന് കണ്ടുമുട്ടുന്നത്. താങ്കൾ അതേ ബാബയാണ്, ഞങ്ങൾ താങ്കളുടെ അതേ കുട്ടികളാണ്. ഇപ്പോൾ രാജ്യഭാഗ്യം നല്കുവാനായി താങ്കൾ വന്നിരിക്കുകയാണ്. ബാബ വീണ്ടും നമ്മളെ പഠിപ്പിച്ച് കൊണ്ടിരിക്കുന്നു. നമ്മൾ ശിവന്റെ പേരക്കുട്ടികളാണ്. പ്രജാപിതാ ബ്രഹ്മാവ് എന്ന പേരും പ്രശസ്തമാണ്. സ്വർഗ്ഗത്തിന്റെ രചയിതാവ് പരംപിതാ പരമാത്മാവ് തന്നെയാണ്, സമ്പത്ത് ബാബയിൽ നിന്നുമാണ് ലഭിക്കുന്നത് എന്ന് അറിയുന്നുണ്ട്. ബ്രഹ്മാവിനും ബാബയിൽ നിന്നാണ് ലഭിച്ചിരുന്നത്. ബാബ നിങ്ങൾ ബ്രാഹ്മണരോടാണ് സംസാരിച്ച് കൊണ്ടിരിക്കുന്നത്. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിത്തരുന്നത്. എന്നിട്ടും എന്തുകൊണ്ടാണ് മറന്ന് പോകുന്നത്? ബാബയുടെ വീട്ടിലാണിരിക്കുന്നത്. ബാബ തന്നെയാണ് ടീച്ചറായി പഠിപ്പിക്കുന്നത്. നമ്മൾ രാജയോഗം പഠിച്ച്കൊ ണ്ടിരിക്കുന്നു. നമ്മൾ ശാന്തീധാമത്തിൽ പോയിട്ട് പിന്നെ സുഖധാമത്തിൽ വരും. ഈ കലിയുഗീ ലോകത്തിന്റെ വിനാശം സംഭവിക്കണം. കല്പത്തിന് മുൻപ് എന്ന പോലെ നിങ്ങൾ സാക്ഷിയായി കാണണം. എങ്ങനെയാണ് പരീക്ഷ പാസ്സായത്, എങ്ങനെയാണ് വിനാശമുണ്ടായത് എന്ന് കാണൂ. കൊട്ടാരങ്ങളൊക്കെ എങ്ങനെയാണ് ഉണ്ടാകുന്നത്? താഴേക്ക് പോയ സ്വർണ്ണത്തിന്റെ ദ്വാരക പൊങ്ങി വരുന്നതൊന്നുമല്ല എന്നത് ബുദ്ധിയിലുണ്ട്. രാവണന്റെ ലങ്കയും സ്വർണ്ണത്തിന്റേതായിരുന്നു എന്നാണ് പറയുന്നത്. അങ്ങനെയൊന്നും അല്ല. ദേവതകൾക്കാണ് സ്വർണ്ണ കൊട്ടാരമുള്ളത്. ഇപ്പോൾ ഇല്ല. ഇപ്പോൾ ഭാരതത്തിന്റെ അവസ്ഥ തന്നെ മോശമായിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ നരകമാകുന്ന വിഷയ സാഗരത്തിൽ നിന്നും രക്ഷപ്പെടുകയാണ്. അല്ലാതെ കപ്പലിന്റെ കാര്യമൊന്നും ഇല്ല. സാഗരത്തിന്റെ കുട്ടികളായ നിങ്ങൾ കത്തി ഭസ്മമായിത്തീർന്നിരുന്നു. കാമ ചിതയിലിരുന്ന് കറുത്ത് പോയിരുന്നു. നിങ്ങൾ സുന്ദരമായിരുന്നു പിന്നെ കറുത്തുപോയി. ഭാരതത്തിലെ ദേവീ ദേവതകൾ എത്ര സുന്ദരമായിരുന്നു! നിങ്ങൾ സർവ്വരും ശ്യാമ സുന്ദരമാണ്. നമ്മൾ ആരുടെ മുന്നിലാണിരിക്കുന്നത് എന്ന് കുട്ടികൾ അറിയുന്നുണ്ട്. ഗോഡ് ഫാദർ ഇരുന്ന് രാജയോഗം പഠിപ്പിക്കുന്ന ഒരു സത്സംഗവും ഉണ്ടായിരിക്കില്ല. ആരുടെയെങ്കിലും ശരീരത്തിൽ നിരാകാരനായ ബാബ വന്നിരിക്കുമല്ലോ. ശ്രീകൃഷ്ണനെ പോലെ എങ്ങനെ വരും. അതെ, ശ്രീകൃഷ്ണന്റെ ആത്മാവ് ഇവിടെ തന്നെയല്ലേ ഉള്ളത്.

ഇപ്പോൾ നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് തുറന്നിരിക്കുകയാണ്. നമ്മൾ ബാബയിൽ നിന്നും വിശ്വത്തിന്റെ അധികാരിയാവുകയാണ്. സമ്പത്ത് എടുക്കുന്നു. നിങ്ങൾ തന്നെയാണ് മമ്മ ബാബ എന്ന് പറയുന്നത്, അപ്പോൾ നിങ്ങൾക്ക് പഠിത്തത്തിൽ ഫോളോ ചെയ്യണം, അതുകൊണ്ടാണ് ഫോളോ ഫാദർ എന്ന് പാടുന്നത്. സത്യമായ അച്ഛനല്ലേ വേണ്ടത് , കൃത്രിമമല്ലല്ലോ! ഗാന്ധിയേയും ബാപൂജി എന്ന് വിളിക്കുന്നുണ്ട് പക്ഷേ സമ്പത്ത് ഒപ്പം ലഭിക്കുന്നില്ല. ആ പരിധിയുള്ള ബാപൂജിയിൽ നിന്നും പരിധിയുള്ള സമ്പത്താണ് കിട്ടുന്നത്. അതിനെ പരിധിയില്ലാത്തത് എന്ന് പറയില്ല. ഈ പരിധിയില്ലാത്ത ബാപൂജി പരംധാമത്തിൽ നിന്നും വന്നിരിക്കുന്നു. നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു.നിങ്ങൾ ഇപ്പോൾ ത്രികാലദർശികളായിരിക്കുകയാണ് പിന്നെ നിങ്ങൾ തന്നെയാണ് വൈകുണ്ഠത്തിന്റെ അധികാരിയാകുന്നത്. പരിധിയില്ലാത്ത അച്ഛനോട് എത്രമാത്രം സ്നേഹമുണ്ടാകണം! മറ്റ് കൂട്ട് കെട്ടുകൾ എല്ലാം ഉപേക്ഷിച്ച് ഒരു കൂട്ട്കെട്ട് വയ്ക്കണം. ഇത് ബാബയോടുള്ള നിങ്ങളുടെ പ്രതിജ്ഞയാണ്. എത്ര സ്നേഹത്തോടെയാണ് ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരുന്നത്, ശിവബാബ എപ്പോഴാണ് വരുന്നത്? എപ്പോഴാണ്

രക്ഷാബന്ധനം നടന്നത്? എങ്ങനെയാണ് ദൈവീക ഗുണം ധാരണ ചെയ്തത്? എന്നൊക്കെ മറ്റുള്ളവർ എങ്ങനെ അറിയാൻ. ഗീതാ ശാസ്ത്രം പഠിക്കുകയും കേൾക്കുകയും ചെയ്യുന്നുണ്ട് പക്ഷേ ഒന്നും മനസ്സിലാക്കുന്നില്ല. നിങ്ങളുടേത് വാക്കാലാണ്, ഇവിടെ ശാസ്ത്രങ്ങളുടെ കാര്യമൊന്നും ഇല്ല. ഭഗവാനിരുന്ന് പഠിപ്പിക്കുന്നു .സംഗമത്തിൽ തന്നെയാണ് പഠിപ്പിച്ചിരുന്നത്. ഇപ്പോൾ നിങ്ങൾ സന്മുഖത്ത് കേൾക്കുകയാണ് അപ്പോൾ ലഹരി വർദ്ധിക്കുന്നു. പിന്നെ ആ ലഹരി കുറഞ്ഞ് പോകരുത്. ഇത് ഏതെങ്കിലും മനുഷ്യൻ അല്ല പഠിപ്പിക്കുന്നത്. ജ്ഞാന സാഗരനായ പരംപിതാ പരമാത്മാവ് പഠിപ്പിച്ച് കൊണ്ടിരിക്കുന്നു. എല്ലാ ബ്രഹ്മാകുമാർ കുമാരിമാരും കേട്ട്കൊണ്ടിരിക്കുന്നു. കേട്ടിട്ട് പിന്നെ മറ്റുള്ളവരെ കേൾപ്പിക്കുന്നു. നിങ്ങളുടെ എഗ്രിമെന്റാണ് – ബാബയിൽ നിന്നും കേട്ടിട്ട് തീർച്ചയായും മറ്റുള്ളവരെ കേൾപ്പിക്കും. അല്ലായെങ്കിൽ പിന്നെ കേൾക്കുന്നത് എന്തിനാണ്! ഇപ്പോൾ നിങ്ങൾ പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളായിരിക്കുകയാണ്. ബാബ പറയുന്നു – എന്നെ മാത്രം ഓർമ്മിക്കൂ. ദേഹ സഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളേയും ഉപേക്ഷിക്കൂ. അച്ഛൻ ശിവനും സാളിഗ്രാമങ്ങളായ നിങ്ങൾ കുട്ടികളുമാണ്. ബാബ പറയുന്നു – ഞാൻ നിരാകാരിയാണ്, നിങ്ങളും നിരാകാരിയായിരുന്നു. പിന്നെ ഇവിടെ പാർട്ട് അഭിനയിക്കുവാൻ വന്നിരിക്കുകയാണ്. ഇപ്പോൾ വീണ്ടും തിരികെ പോകണം. ബാബ ബ്രഹ്മാണ്ഡത്തിന്റെ അധികാരിയാണ്. നിങ്ങളും ബ്രഹ്മാണ്ഡത്തിന്റെ അധികാരിയായിരുന്നു. അതിനെ പരംധാമം, നിർവ്വാണധാമം, മൂലവതനം എന്നൊക്കെ പറയുന്നു. ഇതെല്ലാം പേരുകളാണ്. മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം – മുന്നിൽ ഈ ചക്രം കറങ്ങികൊണ്ടിരിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1. പഠിത്തത്തിൽ അമ്മയേയും അച്ഛനേയും ഫോളോ ചെയ്യണം. ഉയർന്നതിലും ഉയർന്ന ധാമത്തിൽ നിന്നും ഭഗവാൻ നമ്മളെ പഠിപ്പിക്കുവാൻ വന്നിരിക്കുകയാണ് എന്ന സന്തോഷത്തിലിരിക്കണം.

2. ഇപ്പോൾ നമുക്ക് തിരികെ പോകണം, അതുകൊണ്ട് അശരീരിയാകുവാനുള്ള അഭ്യാസം ചെയ്യണം. ദേഹ സഹിതം സർവ്വതും മറക്കണം.

## വരദാനം:- ശബ്ദത്തിനുപരി ശ്രേഷ്ഠസ്ഥിതിയിൽ സ്ഥിതി ചെയ്ത് ശാന്തിയുടെ ശക്തിയുടെ അനുഭവം ചെയ്യുന്ന മാസ്റ്റർ ബീജരൂപനായി ഭവിക്കട്ടെ.

ശബ്ദത്തിനുപരി സ്ഥിതി ചെയ്യുന്നതിന്റെ ശ്രേഷ്ഠ സ്ഥിതി സർവ്വ വ്യക്ത ആകർഷണങ്ങൾക്കും ഉപരി വേറിട്ടതും സ്നേഹിയുമായ ശക്തിശാലി സ്ഥിതിയാണ്. ഒരു സെക്കന്റ് പോലും ഈ സ്ഥിതിയിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ അതിന്റെ പ്രഭാവം മുഴുവൻ ദിവസവും കർമ്മം ചെയ്തുകൊണ്ടും സ്വയത്തിൽ വിശേഷ ശാന്തിയുടെ ശക്തിയുടെ അനുഭവം ചെയ്യും. ഈ സ്ഥിതിയെ കർമ്മാതീത സ്ഥിതി, ബാബക്ക് സമാനം സമ്പൂർണ്ണ സ്ഥിതി എന്ന് പറയുന്നു. ഇത് തന്നെയാണ് മാസ്റ്റർ ബീജരൂപം, മാസ്റ്റർ സർവ്വശക്തിവാന്റെ സ്ഥിതി. ഈ സ്ഥിതിയിലൂടെ ഓരോ കാര്യത്തിലും സഫലതയുടെ അനുഭവം ഉണ്ടാകുന്നു.

## സ്ലോഗൻ:- ആരുടെ ഓരോ വാക്കും മഹാവാക്യമാണോ അവരാണ് മഹാനാത്മാക്കൾ.